പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 221 9/3/2018 ൽ മറുപടിക്ക്

## ഗോസമൃദ്ധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.സി. ദിവാകരൻ**<br>**ശ്രീ.മുഹമ്മദ് മുഹസിൻ പി.**<br>**ശ്രീ. ഇ.കെ.വിജയൻ :** | **അഡ്വ .കെ.രാജു**<br>**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).** |

| | | | |
|---|---|---|---|
| എ) | സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ ഗോസമൃദ്ധി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | 2017 -18 സാമ്പത്തിക വർഷം മുതൽ കന്നുകാലികളുടെ മരണം മൂലവും ഉല്പാദനശേഷി നഷ്ടപ്പെടുന്നതുമൂലവും കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്ന കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയാണ് ഗോസമൃദ്ധി (2017-18). ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ മരണം, ഉൽപ്പാദന-പ്രത്യുല്പാദനക്ഷമത നഷ്ടപ്പെടുന്നത് മൂലം ഉണ്ടാകുന്ന നഷ്ടം എന്നിവയിൽ നിന്നും സംരക്ഷണം ഉറപ്പുവരുത്തുവാൻ കഴിയും എന്നതാണ് ഇതിന്റെ പ്രത്യേകത. 2017-18 സാമ്പത്തിക വർഷം ഗോസമൃദ്ധി പദ്ധതിക്ക് 5 കോടി രൂപാ സംസ്ഥാന വിഹിതമായി അനുവദിച്ചിട്ടുണ്ട്. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ - റിസ്ക് മാനേജ്മെന്റ് ആൻഡ് ലൈവ്സ്റ്റോക്ക് ഇൻഷ്വറൻസ് എന്ന ഘടകത്തിൽ കേന്ദ്ര വിഹിതമായി 2017 -18 സാമ്പത്തികവർഷം 50 ലക്ഷം രൂപാ ലഭ്യമായിട്ടുണ്ട്. സംസ്ഥാന വിഹിതവും കേന്ദ്രവിഹിതവും സംയോജിപ്പിച്ചാണ് സംസ്ഥാനത്ത് നടപ്പ് സാമ്പത്തികവർഷം ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നത്. ആയതുമൂലം GST ഒഴിവാക്കിക്കിട്ടിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ 01 -02 -2018 ലെ ഉത്തരവ് നമ്പർ -F No. 26/106 (2 )/ Policy / 2015 -LI -NLM പ്രകാരം സെൻട്രൽ സെക്ടർ ഇൻഷ്വറൻസ് സ്കീമുകൾക്ക് GST അടയ്ക്കേണ്ടതില്ല.<br>ഗോസമൃദ്ധി പദ്ധതിയുടെ നിർവ്വഹണ സൗകര്യാർത്ഥം മൃഗസംരക്ഷണ വകുപ്പ് സ്വന്തമായി ഒരു ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ആയതുമൂലം ഈ പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിവരവും ചെലവിനങ്ങളും തൽസമയം (real time) നിരീക്ഷിക്കുവാൻ സാധിക്കുകയും പദ്ധതി ഏറ്റവും സുതാര്യമായി നടപ്പിലാക്കുവാനും കർഷകർക്ക് നഷ്ടപരിഹാരം താമസംവിനാ ലഭ്യമാക്കുവാനും കഴിയുന്നു. ഈ സാമ്പത്തികവർഷം ഈ പദ്ധതിപ്രകാരം 60000 കന്നുകാലികളെ ഇൻഷ്വർ ചെയ്യുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. നാളിതുവരെ 1990[illegible] ഉരുക്കളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഉരുക്കളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള പരമാവധിവില 50,000/- രൂപയായി |

| | | | |
|---|---|---|---|
| | | | നിജപ്പെടുത്തിയിട്ടുണ്ട്. ഉരുക്കളുടെ വിലയുടെ 3 % ആണ് പ്രീമിയം നിരക്ക്. ആയതിൽ പൊതുവിഭാഗത്തിന് പ്രീമിയം തുകയുടെ 50% സബ്സിഡിയും പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിന് പ്രീമിയം തുകയുടെ 70% സബ്സിഡിയും സർക്കാർ നൽകിവരുന്നു. |
| ബി) | പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തം എപ്രകാരമെന്ന് വ്യക്തമാക്കുമോ ; | ബി) | സംസ്ഥാന സർക്കാർ - 5 കോടി രൂപ<br>കേന്ദ്ര സർക്കാർ - 50 ലക്ഷം രൂപ |
| സി) | എത്ര കന്നുകാലികളെ നാളിതുവരെ ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്ന് വ്യക്തമാക്കുമോ: | സി) | നാളിതുവരെ 19901 ഉരുക്കളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്. |
| ഡി) | ഇൻഷ്വറൻസ് പ്രീമിയത്തിന്റെ എത്ര ശതമാനം വിഹിതമാണ് ഗുണഭോക്താവ് അടക്കേണ്ടത് എന്ന് വ്യക്തമാക്കുമോ? | ഡി) | ജനറൽ വിഭാഗം - പ്രീമിയം തുകയുടെ 50 %<br>എസ്.സി/എസ്.ടി വിഭാഗം - പ്രീമിയം തുകയുടെ 30 % |

സെക്ഷൻ ഓഫീസർ